# പതിനാലാം കേരള നിയമസഭ
2
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1640 06.03.2017-ലെ മറുപടിയ്ക്ക്

**വകുപ്പുകളുടെ സംയോജനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമവികസനം, നഗരവികസനം എന്നീ വകുപ്പുകളെ സംയോജിപ്പിച്ചു കൊണ്ട് ഒറ്റ സർവ്വീസായി രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) ഇതിനായി പ്രത്യേകം കമ്മീഷനെ നിയോഗിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള ലോക്കൽ ഗവണ്മെന്റ് കമ്മീഷനോട് ഏകോപനം സംബന്ധിച്ച കരട് ചട്ടം രൂപീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുമായും വകുപ്പ് തിരിച്ച് ജീവനക്കാരുടെ സംഘടനകളുമായും ചർച്ച നടത്തിയിട്ടുണ്ടോ; | (സി) ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ചർച്ചകൾ നടത്തി വരുന്നു. |
| (ഡി) ഇതിന് കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;<br>(ഇ) ആയതിന്റെ ഘടനയും പ്രത്യേകിച്ച് ഓരോ വകുപ്പിലെയും ജീവനക്കാരുടെ പ്രൊമോഷൻ, പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരവും ലഭ്യമാക്കാമോ? | (ഡി) & (ഇ) ചർച്ചയ്ക്ക് സഹായകമായി ഒരു കുറിപ്പ് സംഘടനകൾക്ക് നൽകിയിട്ടുണ്ട്. (ഉള്ളടക്കം ചെയ്യുന്നു) |

Sreena

സെക്ഷൻ ഓഫീസർ

നമ്പർ.925/ലോ.ഗ.ക/17

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ
സ്വരാജ് ഭവൻ,6-ാം നില, നന്ദൻകോട്,
തിരുവനന്തപുരം,തിയതി.27.01.2017

## കുറിപ്പ്

**തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ സർവ്വീസുകളെ ഏകോപിപ്പിച്ച്കൊണ്ട് പൊതുസർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച്.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ ഭരണ ഘടനയിലെ 243 ജി/ഡബ്ള്യു അനുഛേദങ്ങൾ അനുസരിച്ച് അധികാരകൈമാറ്റം പ്രായോഗിക തലത്തിൽ ഏകോപിതരീതിയിൽ സാധിതമാക്കുന്നതിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള പഞ്ചായത്ത്, മുനിസിപ്പൽ, ഗ്രാമവികസനം, എൻജിനിയറിംഗ്, നഗരഗ്രാമാസൂത്രണം, പെർഫോമൻസ് ആഡിറ്റ് എന്നിവയെ സംയോജിപ്പിച്ച് ഒറ്റവകുപ്പ് ആക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. 2006-ൽ ഗവർണ്ണർ ഇക്കാര്യം നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് വിവിധ സർവ്വീസ് സംഘടനകളുമായി ഈ വിഷയം ചർച്ചനടത്തിയിരുന്നു. എന്നാൽ ഏകോപിത പൊതുസർവ്വീസ് ചട്ടങ്ങൾക്ക് പൂർണ്ണ രൂപം നല്കുന്നതിന് അന്ന് കഴിഞ്ഞിരുന്നില്ല.

2016-ൽ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലും തൃതലപഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും ബന്ധപ്പെട്ട വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും ഏകോപിപ്പിച്ച് ചട്ടങ്ങൾ രൂപീകരിക്കുമെന്ന് ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കരട് ചട്ടങ്ങൾ തയ്യാറാക്കാൻ 27.12.2016-ൽ ജി.ഒ(എം.എസ്) 198/2016 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഗവൺമെന്റ് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതല പ്പെടുത്തി.

**വകുപ്പുകളെ ഏകോപിപ്പിക്കുന്നകാര്യത്തിൽ കമ്മീഷന്** തുറന്ന സമീപനമാണ് ഉള്ളത്. എല്ലാ ജീവനക്കാരെയും സംഘടനകളെയും വിശ്വാസത്തിലെടുത്തുകൊണ്ടും, ജീവനക്കാരുടെ പരാതികൾക്ക് പരിഹാരം കണ്ടുകൊണ്ടും അധികാരവികേന്ദ്രീകരണവും അധികാര കൈമാറ്റവും സ്ഥായിയാക്കുന്ന തരത്തിലുള്ള ഒരു പൊതുചട്ടം രൂപീകരിക്കാനാണ് കമ്മീഷൻ ഉദ്ദേശിക്കുന്നത്.

ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്തുവകുപ്പും, ബ്ലോക്കു പഞ്ചായത്തുകളുടെ കാര്യത്തിൽ ഗ്രാമവികസന വകുപ്പും, മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ നഗരകാര്യവകുപ്പും എന്ന ഇപ്പോഴത്തെ അവസ്ഥ കേരളത്തിൽ നടപ്പാക്കിയ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് തടസ്സമാണെന്ന് കണ്ടതിനാലും, അധികാരവികേന്ദ്രീകരണചക്രം പൂർണ്ണമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുമാണ് കരട് ചട്ടങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നത്. ഏകീകരണത്തോടെ എല്ലാ വിഭാഗം ജീവനക്കാർക്കും സർവ്വീസിൽ പരമാവധി സഹായം ഉറപ്പുവരുത്തുവാൻ ശ്രമിക്കുമ്പോൾ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക ഭരണ നിർവ്വഹണം പൂർണ്ണമായ അർത്ഥത്തിൽ സഹായകമാവുന്ന ഒരു സർവ്വീസ് ആയിരിക്കും ദീർഘകാല അടിസ്ഥാനത്തിൽ ഉണ്ടാവുക.

വകുപ്പുകളുമായി ബന്ധപ്പെട്ട സംയോജനത്തിൽ ചർച്ചയ്ക്കായി പരിഗണിക്കാവുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പുതിതായി രൂപീകരിക്കുന്ന വകുപ്പ് കേരള ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് എന്ന് അറിയപ്പെടുന്നതാണ്. സംയോജിത സർവ്വീസിന് എൽ.എസ്.ജി.ഡി. സർവ്വീസ് അഥവാ തദ്ദേശ സ്വയംഭരണ സർവ്വീസ് എന്ന് പേര് നൽകാവുന്നതാണ്.
2. സംയോജിത സർവ്വീസിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഗ്രാമവികസനം, എൽ.എസ്.ജി.ഡി.എൻജിനീയറിംഗും, നഗരഗ്രാമാസൂത്രണം, പെർഫോമൻസ് ആഡിറ്റ് എന്നീ വകുപ്പുകളിലെ, സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, കൺട്ടിജന്റ് സർവ്വീസ്, മുനിസിപ്പൽ കോമൺ സർവ്വീസ് എന്നിവയിലെ എല്ലാ തസ്തികകളും ജീവനക്കാരും ഉൾപ്പെടുത്താവുന്നതാണ്. (മുനിസിപ്പൽ കോമൺ സർവ്വസിൽപ്പെട്ട വരെ, സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിലേക്ക്, സർക്കാർ ജീവനക്കാർ ആക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്).
3. എൽ.എസ്.ജി.ഡി. സർവ്വീസ് രൂപീകരിക്കുമ്പോൾ നിലവിലുള്ള ഒരു ജീവനക്കാരനും തസ്തിക നഷ്ടം ഉണ്ടാകുന്നില്ല എന്നു ഉറപ്പുവരുത്താവുന്നതാണ്.
4. നിലവിലുള്ള സമാന തസ്തികകൾ എല്ലാം ഏകീകരിക്കപ്പെടുകയും പരസ്പരം സ്ഥലമാറ്റത്തിന് അർഹതയ്ക്കനുസൃതമായി വിധേയമായിരിക്കുകയും ചെയ്യുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്.
5. പ്രമോഷന് അകാരണമായി നഷ്ടമുണ്ടാകാത്തതരത്തിൽ നിലവിലുള്ള സീനിയോറിട്ടി ലിസ്റ്റിന് അടുത്ത പ്രമോഷൻ വരെ സംരക്ഷണം നൽകാവുന്ന താണ്.
6. എല്ലാവകുപ്പുകളിലേയും എൻട്രി കേഡർ തസ്തികകളും ചട്ടം നിലവിൽ വരുന്നതു മുതൽ എൽ.എസ്.ജി.ഡി സർവ്വീസായി മാറുന്നതും ഒഴിവുകൾ പി.എസ്.സി വഴി നികത്താവുന്നതുമാണ്.
7. കോമൺമുനിസിപ്പൽ സർവ്വീസ് പൊതുസർവ്വിസായി മാറുന്നതോടെ ജോലി ഭാരത്തിന് അനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റാവുന്നതാണ്.
8. ഹെഡ് ക്വാർട്ടേഴ്സിലും ജില്ലാ ഓഫീസുകളിലും അധികാരവികേന്ദ്രീകരണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതരത്തിൽ ഘടനാപരമായ മാറ്റം വരുത്താവുന്ന താണ്.
9. പൊതുസർവ്വീസ്, ചട്ടങ്ങൾ പ്രകാരം രൂപീകരിക്കപ്പെടുമ്പോൾ സീനിയോറിറ്റിയുടെ പേരിൽ ഭാവിയിൽ വ്യവഹാരങ്ങൾ ഉണ്ടാകാതിരിക്കുന്നതിലേക്ക് ഉദ്ഗ്രഥനതത്വങ്ങൾ കണിശമായി പാലിക്കപ്പെടാൻ ശ്രദ്ധിക്കുന്നതാണ്.
10. ജീവനക്കാർ ചെയ്യേണ്ടുന്ന ജോലികൾ അതാത് തലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പുന:നാമകരണം ചെയ്യപ്പെടുകയും പുനർനിർവ്വചിക്ക പ്പെടുകയും ചെയ്യാവുന്നതാണ്.
11. സമത്വത്തെ സംബന്ധിച്ച് ഭരണഘടനാപരമായ മൗലിക അവകാശം സംരക്ഷിക്ക പ്പെടുമെന്നു ഉറപ്പുവരുത്താവുന്നതാണ്.

ഏകീകരണ പ്രക്രിയയെകുറിച്ചും ഏകീകരണത്തോടെ ഉണ്ടാകുന്ന സർവ്വീസിനെ കുറിച്ചും അതാത് സംഘടനകൾക്കുള്ള സ്വാഭാവിക ആശങ്കകളും പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും ഒരു പ്രത്യേക കുറിപ്പായി കമ്മീഷനുമുമ്പാകെ സമർപ്പിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

sd/-

ഡോ.സി.പി.വിനോദ്
ചെയർമാൻ
ലോക്കൽ ഗവൺമെന്റ് കമ്മിഷൻ